## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 5483 18.11.2019- ൽ മറുപടിയ്ക്ക്

## പ്രവാസി ക്ഷേമപ്രവർത്തനങ്ങൾ

| ചോദ്യം<br>ശ്രീ. ആർ. രാജേഷ്<br>,, കെ.വി.അബ്ദുൾ ഖാദർ<br>ശ്രീമതി.വീണാ ജോർജ്ജ്<br>ശ്രീ.വി. കെ. സി. മമ്മത് കോയ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | പ്രവാസികളുടെ താത്പര്യാർത്ഥം പ്രവാസികാര്യ വകുപ്പിന്റെ അധീനതയിൽ ലോക കേരള സഭയുടെ ആസ്ഥാനം സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികളുടെ പുരോഗതി വ്യക്തമാക്കുമോ; | എ) | ലോക കേരള സഭയുടെ സുഗമമായ പ്രവർത്തനങ്ങൾക്കായി ലോക കേരള സഭ സെക്രട്ടറിയേറ്റ്, നോർക്ക സെന്ററിന്റെ ആറാം നിലയിൽ സജ്ജമാക്കിയിട്ടുണ്ട്. |
| ബി) | പ്രവാസികളുടെ സർഗ്ഗവാസനകളെ പരിപോഷിപ്പിക്കുന്നതിനായി പ്രവാസി സാഹിത്യ പ്രസിദ്ധീകരണ വിഭാഗം ആരംഭിക്കണമെന്ന ആശയം അനുഭാവപൂർവ്വം പരിഗണിക്കുമോ; | ബി) | പ്രവാസികളുടെ സർഗ്ഗവാസനകളെ പരിപോഷിപ്പിക്കുന്നതിനായി പ്രവാസി സാഹിത്യ പ്രസിദ്ധീകരണം തുടങ്ങുവാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. തുടർ നടപടികൾ അന്തിമഘട്ടത്തിലാണ്. |
| സി) | കേരളീയർ ഏറെയുള്ള ഇതരസംസ്ഥാന തലസ്ഥാനങ്ങളിൽ പ്രവാസി സാംസ്കാരിക കേന്ദ്രം സ്ഥാപിക്കുന്നത് പരിഗണിക്കാമോ; | സി) | ഇപ്പോൾ പരിഗണനയിലില്ല. |
| ഡി) | എൻ.ആർ.ഐ. കോ-ഓപ്പറേറ്റീവ് സൊസൈറ്റി, എൻ.ആർ.ഐ.ബാങ്ക്, നോർക്കറൂട്ട്സിൽ വനിത എൻ.ആർ.ഐ- സെല്ല് എന്നിവ സംബന്ധിച്ച് സർക്കാർ ആലോചിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ? | ഡി) | ലോക കേരള സഭയുടെ ഏഴ് വിഷയ മേഖല സ്റ്റാന്റിംഗ് കമ്മിറ്റികൾ സമർപ്പിച്ച ശുപാർശകളിൽ തെരഞ്ഞെടുക്കപ്പെട്ട മൂന്ന് ശുപാർശകളാണ് എൻ.ആർ.ഐ. കോ-ഓപ്പറേറ്റീവ് സൊസൈറ്റി, എൻ.ആർ.ഐ.ബാങ്ക്, നോർക്ക റൂട്ട്സിൽ എൻ.ആർ.ഐ. വനിതാസെൽ എന്നിവ. ഇതിൽ നോർക്ക റൂട്ട്സിൽ എൻ.ആർ.കെ. വനിതാസെൽ രൂപീകരിച്ചു. എൻ.ആർ.ഐ. |

| | | | |
|---|---|---|---|
| | | | കോ-ഓപ്പറേറ്റീവ് സൊസൈറ്റി രൂപീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. എൻ.ആർ.ഐ. ബാങ്ക് രൂപീകരിക്കുക എന്ന ശുപാർശ തൽക്കാലം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ